# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി 16)1354/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി 16)1354/2021 തീയ്യതി: 17/03/2022

## തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 17-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-09-2021 | 17-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ. പി. എ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. ബേബി.പി. വി, ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ. കെ. സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിദ്യ. ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്. പി. ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഇ.കെ.തോമസ് മാസ്റ്റർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 31-12-2020 |
| ശ്രീമതി. ഷിനിത. വി. ഡി. | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീമതി. ജോയ്സി വർഗ്ഗീസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആശ കെ എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ ഫാത്തിമ സുഹറ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ എസ് ജയദീപ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ സി കെ സിൽവൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി രജനി കെ പി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| അജിത്ത് രാജ്കുമാർ | വി.ഇ.ഒ., വലപ്പാട് സർക്കിൾ | 01-04-2020 | 24-02-2021 |
| ശ്രീമതി ഫസീല കെ എച്ച് | വി.ഇ.ഒ., വലപ്പാട് സർക്കിൾ | 25-02-2021 | 31-03-2021 |
| ഡോ റീന പി കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്മൃതി ടി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 01-06-2020 |
| ശ്രീമതി സ്മിത ജെയിംസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-06-2020 | 31-03-2021 |
| ജീന ഗോപിനാഥ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 19-06-2020 |
| ശ്രീമതി. സിമി റോസ് | ഫിഷറീസ് ഇൻസ്പെക്ടർ | 20-06-2020 | 30-09-2020 |
| ശ്രീ അൻസിൽ പി എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-10-2020 | 31-03-2021 |
| സെറീന കെ എച്ച് | വി.ഇ.ഒ., എടമുട്ടം സർക്കിൾ | 01-04-2020 | 31-03-2021 |
| വൈദേഹി കെ ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഫാജിത റഹ്മാൻ എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| സനീഷ്. കെ. വി. | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ഒഴിവ് | അസി.സെക്രട്ടറി | 16-06-2020 | 21-06-2020 |
| സഞ്ജയ് ഹക്കീം | അസി.സെക്രട്ടറി | 22-06-2020 | 31-03-2021 |

.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Vidhya O.K (Senior Grade Auditor, On 22-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ranjith P.R (Auditor, On 20-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-7 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: SunilKumar K C (Asst. Audit Officer, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-11 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: SunilKumar K C (Asst. Audit Officer, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-12 |
| 13 | വസ്തുനികുതി - ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-13 |
| 14 | വസ്തു നികുതി - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-14 |
| 15 | എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 16-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-15 |
| 16 | മുൻകൂർ ലഭിച്ച തുക - രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-16 |

| | | |
|---|---|---|
| | Written By: Vidhya O.K (Senior Grade Auditor, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | |
| 17 | വസ്തുനികുതി ഇനത്തിൽ കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-17 |
| 18 | Prior Period Item - വർക് ഷീറ്റുകളോ വൗച്ചറുകളോ ലഭ്യമാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-18 |
| 19 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-20 |
| 21 | താഴെപ്പറയുന്ന ഇനങ്ങളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Ranjith P.R (Auditor, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-21 |
| 22 | " Directly Debited By Bank" - നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-22 |
| 23 | രസീതു ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-23 |
| 24 | ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നില്ല.<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-24 |
| 25 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-25 |
| 26 | വാടകക്കുടിശ്ശിക അടവാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-26 |
| 27 | ലൈസൻസില്ലാതെ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-27 |
| 28 | വാടകക്കരാറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-28 |
| 29 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-29 |
| 30 | പെർമിറ്റ് രജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണ്.<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-30 |
| 31 | വസ്തു നികുതി അടവാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-31 |
| 32 | വിമുക്ത ഭടൻമാർക്കുള്ള നികുതിയിളവ് - വരുമാന നഷ്ടം | 1-32 |

| | | |
|---|---|---|
| | ഒഴിവാക്കേണ്ടതാണ്.<br>Written By: Ranjith P.R (Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | |
| 33 | കുഴിച്ചെടുത്ത മണ്ണ് - തുടർനടപടികൾ വൈകുന്നു<br>Written By: Ranjith P.R (Auditor, On 22-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 1-33 |
| 34 | മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 19-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-34 |
| 35 | ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-35 |
| 36 | ജെന്റർ റിസോഴ്സ് സെന്റർ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-36 |
| 37 | മത്സ്യ ബന്ധന മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-37 |
| 38 | അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 21-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-38 |
| 39 | സ്പോർട്ട്സ് കിറ്റ് - പരിധിയിലധികം തുക വിനിയോഗിച്ചു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 4969/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: P.V.Baby (Audit Officer, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-39 |
| 40 | ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: P.V.Baby (Audit Officer, On 17-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-40 |
| 41 | ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: SunilKumar K C (Asst. Audit Officer, On 19-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-41 |
| 42 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-42 |
| 43 | കന്നുകുട്ടി പരിപാലനം - പദ്ധതികൾ<br>Written By: SunilKumar K C (Asst. Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-43 |
| 44 | തൊഴിലുറപ്പുപദ്ധതി - അവലോകനം<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-44 |
| 45 | കഥാറിമക്ക് - തൊഴിലുറപ്പുപദ്ധതി നിരക്കും പൊതുമരാമത്തു നിരക്കും തമ്മിൽ ഗണ്യമായ അന്തരം<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-45 |
| 46 | മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും - ക്രിയാത്മക നടപടികൾ പദ്ധതിപ്രവർത്തനങ്ങളിൽ അവലംബിക്കേണ്ടതാണ്.<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-46 |
| 47 | പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കിയത് ക്രമപ്രകാരമല്ല - അധികമായി നൽകിയ 256894/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: P.A.Sivan (Audit Officer, On 24-09-2021) | 1-47 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 16-03-2022) | |
| 48 | വാട്ടർ ചാർജ് - സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.<br>Written By: SunilKumar K C (Asst. Audit Officer, On 18-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-48 |
| 49 | പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്<br>Written By: P.A.Sivan (Audit Officer, On 24-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 23-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 16-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: SunilKumar K C (Asst. Audit Officer, On 09-09-2021)<br>Last Updated By: P.A.Sivan (Audit Officer, On 17-03-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.03.2020, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 259772534 | 228061485 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 18.02.2021 തീരുമാനം 1(2) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 305636634 | 269893502 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-07-2021 | 01-07-2021 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30865658.99 |
| വരവ് | 109379829 |
| ആകെ | 140245487.99 |
| ചെലവ് | 107741529 |
| നീക്കിയിരിപ്പ് | 32503958.99 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 22942200 | 22942200 | 19538779 | 3403421 |
| വികസന ഫണ്ട് എസ് സി പി (ACR പ്രകാരം) | 0 | 2817000 | 2817000 | 2792000 | 25000 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 16500000 | 16500000 | 16436933 | 63067 |
| മെയിന്റനൻസ് നോൺ റോഡ് (ACR പ്രകാരം) | 0 | 5876951 | 5876951 | 5844710 | 32241 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 15356449 | 15356449 | 9981035 | 5375414 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം) | 0 | 7180000 | 7180000 | 5181568 | 1998432 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 229 | 136122174 | 193 | 85443687 | 20 | 16 | 84% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 68 | 1520002 | 1520070 | 1514501 | 5569 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 34301612 | 34301612 | 34301612 | 0 |

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 35816113 രൂപയും 35822563 രൂപയുമാണ്. (6450/- രൂപയുടെ വ്യത്യാസം, 2000/- രൂപ ഫെസ്റ്റിവൽ അലവൻസ് തിരികെ ലഭ്യമായതും 4450/- രൂപ പരിസ്ഥിതി ദിനത്തിൽ ചെടികൾ കൊണ്ടുവന്നതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിലെ തുക തനത് ഫണ്ടിൽ നിന്നുള്ള ചെലവുമായതിനാലാണ് 160100601 – വരവ് ശീർഷകത്തിൽ ഉൾപ്പെടുത്താത്തത്.)

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2021 തീയതിയിൽ 3.05 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18701/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| വാർദ്ധക്യകാല പെൻഷൻ | 43641700 | 3266 |
| കർഷകതൊഴിലാളി പെൻഷൻ | 3189900 | 252 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2269800 | 154 |
| വികലാംഗ പെൻഷൻ | 5919300 | 416 |
| വിധവാ പെൻഷൻ | 22886400 | 1561 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 13 |

## 1-9 ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളെല്ലാം അടുക്കും ചിട്ടയോടെയും പുസ്തക രൂപത്തിലും സൂക്ഷിച്ചു വെച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ഗ്രാമസഭകളിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ചർച്ച ചെയ്തായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ ഇനിയും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. സെക്രട്ടറി, അസി. എഞ്ചിനീയർ എന്നീ നിർവഹണോദ്യോഗസ്ഥർ ഒഴികെയുള്ളവർ നടപ്പാക്കിയ പ്രൊജക്റ്റുകളിലൊന്നും തന്നെ മോണിറ്ററിങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടില്ല. വർക്കിങ് ഗ്രൂപ്പുകൾ മോണിറ്ററിങ് നടത്തിയതിന്റെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല. വിമുക്ത ഭടന്മാരുടെ നികുതിയിളവിനു സത്യവാങ്മൂലം പരിശോധിച്ച് പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതുമാണ്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു മൂലമുള്ള വരുമാനനഷ്ടം പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. നിർമാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്റ്റ് ചെലവിൽ മുൻവർഷത്തെ അപേക്ഷിച്ച് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിർമാണപ്രവർത്തനങ്ങളുടെ സമയബന്ധിതമായ നിർവഹണം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 22.02.2019 | ജനവരി 2019 | 31.03.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.06.2012 | 2007-08 മുതൽ 2011-12 വരെ | 16.08.2012 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത്

1638300 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12062535 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-13 വസ്തുനികുതി - ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിതള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വലപ്പാട് ഗ്രാമപഞ്ചായത്തിൽ 187 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം (01.04.2020 തീയ്യതിയിൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1. തൻവർഷം

1.1. റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3624049 | 3550813 | 65955 | 25739 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3624049 | 3525825 | 85352 | 25752 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൾ ആർ.പി-43) | (350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(=25752 27040/105X100 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി |

| | | | | |
|---|---|---|---|---|
| | | | | പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ, നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1.2. നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3044278 | 2673231 | 66673 | 312599 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3044278 | 2665649 | 66673 | *312603 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *(328234/105X100 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. കുടിശ്ശിക

2.1. റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 58617 | 22084 | 36565 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 60636 | 22080 | **36623 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (25431+38237=63668/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (38455/105X100), ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ

നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.2. നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1504121 | 206631 | 1297501 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1529855 | 219804 | **1297523 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(423657 + 1182691 = 1606348/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(1362400/105X100) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 185181 | 3048 | 188229 | 180338 | 1127 | 181465 | 4053 | | 25739 | 36565 | 62304 |
| | നോൺ-റെസിഡൻഷ്യൽ | 158988 | 1504121 | 1663109 | 134428 | 10343 | 144771 | 3432 | | 15635 | 64899 | 80534 |
| | ആകെ | | | 1851338 | | | 326236 | 7485 | | 142838 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 344957 | | | 326626 | | | | 340865 | 83725 | | |
| | | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | | | | (431910101 -State Govt. Cess/levies...... | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | ബി-15, 431910101 – State Govt. Cess/levies...... ലെഡ്ജർ 2020-21) | ആർ.പി-36 (വരവ്)) | | ലെഡ്ജർ 2020-21) | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 236047 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 299091 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല. മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഡിസിബി സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയാണ്.

## 1-15 എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2. ഡി & ഒ ഡിമാന്റ് രജിസ്റ്റർ

3. ക്രിമിറ്റോറിയം വരവ് രജിസ്റ്റർ

## 1-16 മുൻകൂർ ലഭിച്ച തുക - രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 104600 |
| 2. | തൊഴിൽ നികുതി - ട്രേഡേഴ്സ് | 350410102-Advance Collection Of Revenues- Proffession Tax - Institutiuions | 155630 |

## 1-17 വസ്തുനികുതി ഇനത്തിൽ കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക എന്നിവ വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-18 Prior Period Item - വർക് ഷീറ്റുകളോ വൗച്ചറുകളോ ലഭ്യമാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ

പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 1893 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 19294 |
| 280200101-Prior Period Income – Rent From Buildings | (98000) |
| 280100102-Prior Period Income-Profession Tax- Institutions/Professionals/Traders | (1970) |
| 280200401-Prior Period Income- Other Income | (203307) |
| 280800201-Prior Period – Administrative Expense | (70338) |

## 1-19 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-21 താഴെപ്പറയുന്ന ഇനങ്ങളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈ ആവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320800101 | Beneficiary Contribution | 15472 |
| 2 | 320100199 | Centrally Sponsored Schemes – Grants Funds & Contribution | 12538 |

## 1-22 " Directly Debited By Bank" - നടപടി സ്വീകരിക്കേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന 450230101-TDCB ബാങ്ക് അക്കൌണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2021 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട്, ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കറവ് ചെയ്തതാണെങ്കിൽ, തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക, ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയ്യതി | തുക |
|---|---|
| 28.2.17 | 52922 |
| 22.3.17 | 3000 |
| ആകെ | 55922 |

## 1-23 രസീതു ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിൽ കളക്ഷന വേണ്ടി ഉപയോഗിച്ച രസീതു ബുക്കുകളിൽ പലതും പഞ്ചായത്തിന്റെ മുദ്ര വെച്ച് സാക്ഷ്യപ്പെടുത്തുകയോ രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. (Eg: ബുക്ക് നം. 49004, 40736, 45980, 45997, 11580, 11581, 11582, 11583, 11584, 11585 Etc). കേരളാ ട്രഷറി കോഡ്, വോള്യം 1, ആർട്ടിക്കിൾ 92(b) കുറിപ്പ് 2 പ്രകാരം സ്ഥാപനത്തിന്റെ സീൽ പതിക്കേണ്ടതും അക്കൗണ്ട് റൂൾ ചട്ടം 83 അനുസരിച്ച് സ്ഥാപനമേധാവി രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. രസീതു ബുക്കുകളുടെ പരിപാലനത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നില്ല.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 12(2) പ്രകാരം ലൈസൻസിനു വേണ്ടിയുള്ള അപേക്ഷകളിൽ ഫാക്ടറിയിലോ വർക്ക് ഷോപ്പിലോ ഭൂമിയിലോ ഉപയോഗിക്കുന്ന യന്ത്രസാമഗ്രി, അതിന്റെ ശക്തി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉണ്ടായിരിക്കണം. എന്നാൽ പഞ്ചായത്തിൽ ലൈസൻസിനായി അപേക്ഷിക്കുന്ന പല അപേക്ഷകളിലും പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതായോ ആയതിനനുസരിച്ചുള്ള ഫീസ് (യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ) ഈടാക്കുന്നതായോ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | യന്ത്രങ്ങളുടെ കുതിരശക്തി (HP) |
|---|---|---|---|
| 1 | വുഡ് പെക്കേഴ്സ് സോ മിൽ | 4/72 | 36 |
| 2 | സിമന്റ് സോളിഡ് ബ്രിക്സ് | 18/381 A | 9 |
| 3 | കൃഷ്ണ ഫ്ലോർ & ഓയിൽ മിൽ | 20/91 B | ലഭ്യമല്ല |
| 4 | എസ് എസ് ബയോ ഓർഗാനിക് ഫെർട്ടിലൈസേഴ്സ് | 10/455 A | 18 |
| 5 | ഹെയ്ക്ക സോളിഡ് ബ്രിക്സ് & ബിൽഡിംഗ് മറ്റീരിയൽസ് | 5/345 A | 9 |
| 6 | കാരയിൽ മിൽസ് | 14/2 | 10 |
| 7 | നാളികേര സംസ്കരണ യൂണിറ്റ് | 5/187 A,B | 13 |
| 8 | സൂര്യ ഫ്ലോർ & ഓയിൽ മിൽ | 14/488 BL | 20 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/20-21/14.09.2021), ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ മെഷീനറി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 3 റേഷൻ കടകൾക്കു മാത്രമേ (ARD 124, ARD 228, ARD 122) ലൈസൻസ് അനുവദിച്ചതായി കാണുന്നുള്ളു.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 6 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ്

അനുവദിച്ചതായി കാണുന്നില്ല.

ആയതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിക്ക് (നമ്പർ: 8/14.09.21), മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 വാടകക്കുടിശ്ശിക അടവാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ കീഴിലുള്ള വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും ലഭിക്കാനുള്ള വാടകക്കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്ക് എടുത്ത ആളുടെ പേര് | അടിസ്ഥാന വാടക | കുടിശ്ശികയുള്ള മാസങ്ങൾ |
|---|---|---|---|---|
| 1 | 4/143 | ശശി പി എസ് | 5238 | June 20-Mar 21 |
| 2 | 4/145 | ഷിജിൽ പട്ടാലി | 2623 | Jan 21-Mar 21 |
| 3 | 4/162 | സെക്രട്ടറി, വലപ്പാട് സർവീസ് സഹകരണ ബാങ്ക് | 1360 | Apr 20-Mar 21 |
| 4 | 4/293 B | സെക്രട്ടറി, വലപ്പാട് സർവീസ് സഹകരണ ബാങ്ക് | 10908 | Apr 20-Mar 21 |
| 5 | 4/150 C | വലപ്പാട് വെൽഫയർ അസോസിയേഷൻ | 15500 | Apr 20-Mar 21 |
| 6 | 4/287 B | അജയൻ തയ്യപ്പിള്ളി | 3650 | Sep 20- Mar 21 + 5 Days |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/14.09.2021), പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും ലഭിക്കാനുള്ള വാടകക്കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടകക്കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ലൈസൻസില്ലാതെ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2020-21 വർഷത്തെ ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്റർ, സ്വകാര്യ ആശുപത്രികളുടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും രജിസ്ട്രേഷൻ ഫീസ് അടവാക്കിയിട്ടുള്ള താഴെ പറയുന്ന ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി വ്യക്തമായിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കൃപ ഹോമിയോ ക്ലിനിക്, കോതകുളം |
| 2 | ആൽഫ പാലിയേറ്റിവ് കെയർ |
| 3 | നാഷണൽ ക്ലിനിക്കൽ ലാബോറട്ടറി, വലപ്പാട് |
| 4 | മതർടച്ച് സൈക്കോളജിക്കൽ സെന്റർ |
| 5 | മണപ്പുറം ഹെൽത്ത്കെയർ ലിമിറ്റഡ് (മാ കെയർ 24 Hour ക്ലിനിക്) |

ആയതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/19-20/14.09.2021) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ, ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്നു ഉറപ്പു വരുത്തേണ്ടതാണ്.

## 1-28 വാടകക്കരാറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ നിശ്ചിത മാതൃകയിൽ മുദ്രപ്പത്രത്തിൽ എഴുതി തയ്യാറാക്കിയ വാടകക്കരാർ സൂക്ഷിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ വാടകക്ക് നൽകിയ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുമായി ബന്ധപ്പെട്ട വാടകക്കരാറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകയ്ക്ക് നൽകിയ ആളുടെ പേര് | വാടക തുക |
|---|---|---|---|
| 1 | 4/163 | ശശി പി എസ് | 5238 |
| 2 | 4/165 | ഷിജിൽ പട്ടാലി | 2623 |
| 3 | 4/175 | ആനന്ദൻ ഏങ്ങൂർ | 1226 |
| 4 | 4/176 | ആനന്ദൻ ഏങ്ങൂർ | 1324 |

| | | | |
|---|---|---|---|
| 5 | 4/182 | സെക്രട്ടറി, വലപ്പാട് സർവീസ് സഹകരണ ബാങ്ക് | 1360 |
| 6 | 4/293 B | സെക്രട്ടറി, വലപ്പാട് സർവീസ് സഹകരണ ബാങ്ക് | 10908 |
| 7 | 4/287 B | അജയൻ തായപ്പിള്ളി | 3650 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/14.09.2021), എല്ലാ വാടകക്കാരും പഞ്ചായത്തുമായി കരാറിലേർപ്പെടുകയും കരാർ രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത രേഖകൾ എത്രയും പെട്ടെന്ന് കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി കരാറുകൾ പരിശോധനക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-29 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. 2020-21 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | വെയ്ൽസ് & കോ | I & II |
| 2 | നവരശ്മി എന്റർപ്രൈസ് | I & II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 12/14.09.2021)

## 1-30 പെർമിറ്റ് രജിസ്റ്റർ - വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണ്.

സർക്കുലർ നം 12900/ആർ.എ/15 ത.സ്വ.ഭ.വ. തീയതി 02.12.2015 പ്രകാരം, എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്. വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കുന്നതിനും, കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതുവഴി നികുതിചോർച്ച തടയുന്നതിനും സാധിക്കുകയുള്ളൂ. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-31 വസ്തു നികുതി അടവാക്കിയിട്ടില്ല

ശങ്കരനാരായണൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള, പഞ്ചായത്ത് പരിധിയിൽ വരുന്ന, 3/155 A(UA) എന്ന നമ്പർ കെട്ടിടത്തെ (ഭാവന ഓഡിറ്റോറിയം), 2017 ആദ്യ പകുതി മുതൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ ഗണത്തിലാണ് പെടുത്തി വരുന്നത്. ഇതിൻ പ്രകാരം 734 ച.മീ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് അർഹമായ നികുതിയിളവുകൾക്ക് ശേഷം 83676/- രൂപ വാർഷിക വസ്തു നികുതിയായി അസ്സസ്സ്മെന്റ് നടത്തിയിട്ടുള്ളതാണ്. എന്നാൽ 2017 മുതൽ ടി സ്ഥാപനം വസ്തു നികുതി അടവാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/16.09.2021), ടി കെട്ടിടത്തിന്റെ ഉടമ ഇതു സംബന്ധിച്ച് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും, വിഷയം കോടതിയുടെ പരിഗണനയിലുള്ളതിനാൽ ടിയാനിൽ നിന്നും വസ്തുനികുതി വസൂലാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ലാത്തതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അന്തിമ വിധി ലഭ്യമാകുന്ന മുറക്ക്, ആയതു പ്രകാരം വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 വിമുക്ത ഭടൻമാർക്കുള്ള നികുതിയിളവ് - വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

26.05.2017 ലെ സ.ഉ(കൈ) നം.106/2017/തസ്വഭവ പ്രകാരം വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും നികുതി ഒഴിവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും മാർച്ച് 31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. 2020-21, സാമ്പത്തിക വർഷത്തിൽ സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം ആകെ 107 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 78 പേർ മാത്രമേ അപേക്ഷകൾ സമർപ്പിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നുള്ളൂ.

വിമുക്ത ഭടൻമാരുടെ നികുതി ഒഴിവ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങൾ Exemption Period Continue Status ൽ കിടക്കുന്നതുകൊണ്ടും കോവിഡ്-19 വ്യാപനം മൂലവുമാണ് ഈ അപാകത സംഭവിച്ചിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (20/16.09.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.

## 1-33 കുഴിച്ചെടുത്ത മണ്ണ് - തുടർനടപടികൾ വൈകുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി, 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന അറപ്പത്തോട് സംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് തുടർനടപടികൾക്കായി സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതാണ്.

| പദ്ധതിയുടെ പേര് | വലപ്പാട് ബീച്ച് അറപ്പത്തോട് സംരക്ഷണം | വട്ടപ്പരത്തി അറപ്പത്തോട് സംരക്ഷണം | പാലപ്പെട്ടി കഴിമ്പ്രം അറപ്പത്തോട് സംരക്ഷണം |
|---|---|---|---|
| പ്രോജക്ട് നമ്പർ | 260/21 | 263/21 | 262/21 |
| അടങ്കൽ തുക | 1000000/- (CFC Grant) | 1000000/- (CFC Grant) | 1000000/- (CFC Grant) |
| കരാറുകാരൻ | പി എസ് ജയരാജൻ | പി എസ് ജയരാജൻ | പി എസ് ജയരാജൻ |
| അളവുപുസ്തകം | 69/20-21 | 125/20-21 | 163/20-21 |
| കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | 3175.106 ക്യൂ. മീ (പേജ് നമ്പർ 17) | 3864.28 ക്യൂ. മീ(പേജ് നമ്പർ 6) | 4100.6 ക്യൂ. മീ (പേജ് നമ്പർ 12) |
| ബിൽ നമ്പർ | 44/09.11.2020 | 56/30.12.2020 | 48/08.12.2020 |
| തുക | 799164/- | 799271/- | 799241/- |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 23.10.2020 | 21.12.2020 | 23.11.2020 |
| സെക്രട്ടറിക്ക് കൈമാറിയ രസീത് നമ്പറും തീയതിയും | 5862/23.10.2020 | 68/21.12.2020 | അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല |

കുഴിച്ചെടുത്ത മണ്ണിന്റെ അളവ് 1000 ക്യൂ. മീറ്ററിൽ കൂടുതലാണെങ്കിൽ 2013 ലെ KPWD മാന്വൽ ഖണ്ഡിക 2213 അനുസരിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു. പദ്ധതി നമ്പർ 260/21 സംബന്ധിച്ച മണ്ണിന്റെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. തൃശ്ശൂർ ജില്ലാ കളക്ടർക്ക് കത്തയച്ചുവെങ്കിലും കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കത്തിൽ സൂചിപ്പിച്ചിട്ടില്ല. പട്ടികയിലെ മറ്റു പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ വിവരം സംബന്ധിച്ച് കളക്ടർക്ക് കത്തയച്ചതായി ഓഡിറ്റ് അന്വേഷണം 13/14.09.2021 ന് മറുപടിയായി സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടി മറുപടിയിൽ സൂചിപ്പിച്ചത് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ചുവെങ്കിലും (തീയതി വ്യക്തമല്ല) റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നാണ്. പ്രവൃത്തി കഴിഞ്ഞയുടനെ മണ്ണിന്റെ അളവും മൂല്യത്തിന്റെ ഗൌരവവും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറെ രേഖാമൂലം അറിയിച്ചിരുന്നുവെങ്കിൽ ഇത്രയും കാലതാമസം നേരിടേണ്ടി വരുകയില്ലായിരുന്നു. മണ്ണ് കുഴിച്ചെടുത്ത് സമീപസ്ഥലങ്ങളിൽ നിക്ഷേപിച്ച ശേഷം ഒരു മഴക്കാലം കഴിഞ്ഞതിനാൽ മണ്ണ് ഒലിച്ചു പോകുന്നതിന് കാരണമായിട്ടുണ്ട്. ഇത്തരം സംഗതികളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചില്ലെങ്കിൽ മണ്ണ് നഷ്ടപ്പെടുന്നതിനും, അതുമൂലം പഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടുന്നതിനും കാരണമാകുന്നു.

16.09.2021 ന് ഗ്രാമപഞ്ചായത്തിന്റെ III ഗ്രേഡ് ഓവർസീയർ ശ്രീ ആദർശ് ഇ എസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. കുഴിച്ചെടുത്ത മണ്ണ്, തോടുകളുടെ പാർശ്വവശങ്ങളിലും സമീപസ്ഥലങ്ങളിലും നിക്ഷേപിച്ചതായി കാണാൻ സാധിച്ചു. മണ്ണ് ഒലിച്ചു പോയിട്ടുള്ളതായി ബോധ്യപ്പെടുകയും ചെയ്തു. ചില സ്ഥലങ്ങളിൽ മഴ മൂലം നിബിഡമായി പുല്ലുകൾ വളർന്നിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/14.09.2021) മറുപടിയിൽ 1 ക്യൂ.മീ മണ്ണിന് (Item Code M237) 209.316/- രൂപയാണെന്ന് അസി. എൻജിനീയർ വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയെങ്കിൽ മണ്ണിന് 23 ലക്ഷം രൂപയിലധികം വില വരുന്നതാണ്. 2397676/- രൂപ മൊത്തം പ്രവൃത്തിമൂല്യം വന്ന ഈ പ്രവൃത്തികളിൽ, ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന സേവനമായതിനാൽ ജി.എസ്.ടി. അടക്കേണ്ടതില്ലായിരുന്നുവെങ്കിലും 12% ജി.എസ്.റ്റി മൊത്തം പ്രവൃത്തിമൂല്യത്തോടൊപ്പം കൂട്ടിയിട്ടുമുണ്ട്. ജി.എസ്.ടി തുക കൂട്ടിച്ചേർത്തില്ലായിരുന്നുവെങ്കിൽ മൊത്തം പ്രവൃത്തിമൂല്യം 2109955/- രൂപയേ വരുമായിരുന്നുള്ളൂ. അങ്ങിനെയെങ്കിൽ യഥാസമയം ലേലം നടന്നിരുന്നുവെങ്കിൽ, പ്രവൃത്തിമൂല്യത്തേക്കാൾ കൂടിയ തുക ഈ ഇനത്തിൽ വരുമാനമായി ലഭിക്കുമായിരുന്നു. ആയതിനാൽ സമയോചിതമായി നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ മേൽ പറഞ്ഞ രീതിയിലുള്ള അവസ്ഥ ഉണ്ടാവുമായിരുന്നില്ല. മണ്ണ് സംരക്ഷണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കി, ടി വിവരം ജിയോളജി വകുപ്പിനെ അറിയിച്ച്, കൂടുതൽ നഷ്ടങ്ങൾ ഒഴിവാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 29/20-21 |
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 2,00,000/- |
| വൗച്ചർ നമ്പർ / ബിൽ നമ്പർ | 1/20-21 തീയതി 27.11.20 |

മേൽ ബില്ലിൽ ഉൾപ്പെടുത്തി, 2,00,000/- രൂപയുടെ മരുന്ന് ലഭിക്കുന്നതിന് ഹോംകോയ്ക്ക് തുക കൈമാറിയിട്ടുണ്ട്. 21.12.2020 തീയതിയിൽ ഹോംകോയിൽ നിന്നും രശീതി ലഭ്യമായിട്ടുണ്ട്. ആയതിൽ 100856/- രൂപയുടെ (Invoice No. LF 1298/11.09.2021) മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 99144/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതാണ്. ഹോംകോയ്ക്ക് തുക കൈമാറിയതിന് ശേഷം ഏകദേശം 9 മാസങ്ങൾക്കു ശേഷമാണ് ഒന്നാം ഘട്ട മരുന്നുകൾ ലഭ്യമായിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി നം.18/16.09.2021)

## 1-35 ആസ്തി രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തിരജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല. ഉദാഹരണമായി റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയത്, കൂട്ടിച്ചേർക്കലുകൾ, തേയ്മാനവിവരം എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ യഥാസമയം ചേർത്തു കാണുന്നില്ല. വിവരം ചുവടെ കൊടുക്കുന്നു.

1. അതിയാരത്ത് പടി റോഡ്

സാമ്പത്തികവർഷം ഈ റോഡിൽ ടാറിങ്, റീടാറിങ് (138.10m, 577m) എന്നിവ നടത്തിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നം. | തുക |
|---|---|
| 33/13.08.20 | 494903/- |
| 51/22.12.20 | 671242/- |
| ആകെ | 1166145/- |

ഈ പ്രവൃത്തികൾ 7/12/20 ന് പൂർത്തീകരിച്ചുവെങ്കിലും ആസ്തി രജിസ്റ്റർ പ്രകാരം 2015-16 ൽ നടത്തിയ മെയിന്റനൻസ് പ്രവൃത്തിയുടെ വിവരമാണുള്ളത്.

2. ജയകൃഷ്ണൻ മെമ്മോറിയൽ റോഡ്

സാമ്പത്തികവർഷം 502382/- രൂപ ചെലവിൽ 180 മീറ്റർ ടാറിങ് നടത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ പ്രകാരം ഇത് 200 മീറ്റർ നീളമുള്ള പരുവപ്പെടാത്ത റോഡാണ്. മേൽപറഞ്ഞ വിവരങ്ങളിൽ നിന്നും ആസ്തി രജിസ്റ്ററിൽ സ്ഥിരാസ്തികളുടെ മൂല്യം പ്രതിഫലിക്കുന്നില്ല എന്ന് വ്യക്തമാണ്. ഈ അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണെന്നുള്ള 23/17.09.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇക്കാര്യം എത്രയും വേഗം ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## 1-36 ജെന്റർ റിസോഴ്സ് സെന്റർ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്

സ.ഉ. 22/2018/ത.സ്വ.ഭ.വ., തീയതി 14.02.2018, പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണായി ജെന്റർ റിസോഴ്സ് സെന്റർ ടീം രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ കൗൺസലിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വാർഡ് തല ജാഗ്രതാസമിതി രൂപീകരിച്ചിട്ടുണ്ട്. പരാതികൾ ജാഗ്രതാസമിതി അംഗങ്ങളുടെ ഇടപെടലുകളിലൂടെ പരിഹരിക്കപ്പെടുന്നുണ്ട്. ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി വിവിധ പരിപാടികളും ബോധവത്കരണ ക്ലാസ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പ്രായഭേദമെന്യേ കൗൺസലിംഗ്, കരിയർ ഗൈഡൻസ് സേവനങ്ങൾ നൽകുന്നുണ്ട്. ജാഗ്രതാ സമിതി പ്രവർത്തനത്തിനും ജെന്റർ റിസോഴ്സ് പ്രവർത്തനങ്ങൾക്കും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമവും ശ്ലാഘനീയവുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടില്ല. കൗൺസലിംഗ് പോലെ സ്വകാര്യത ആവശ്യമുള്ള സേവനങ്ങൾക്ക് നിലവിൽ അംഗൻവാടികളെയാണ് ആശ്രയിക്കുന്നത്. കൂടാതെ സ്ത്രീകളുടെ സാമൂഹ്യ പദവി സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. സ്ത്രീകൾക്കെതിരായ അക്രമങ്ങൾ വർധിച്ചു വരുന്ന ഇക്കാലത്ത് സ്ത്രീ-പുരുഷ ഭേദമന്യേ ബോധവൽക്കരണം നടത്തുന്നതും ഉചിതമായിരിക്കും.

## 1-37 മത്സ്യ ബന്ധന മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്

മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണവും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും നിലനിൽപ്പും ഉറപ്പുവരുത്തുകയാവണം മത്സ്യ മേഖലാ വികസനത്തിലെ മുഖ്യ ലക്ഷ്യം. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചതിൽ 15.01.2020 തീയതിയിൽ 2020-21 വർഷത്തേയ്ക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. നിലവിലെ പദ്ധതികൾ സംബന്ധിച്ച് മോണിറ്ററിംഗ്, അവലോകനം എന്നിവ കാണുന്നില്ല.

വലപ്പാട് ഗ്രാമപഞ്ചായത്തിലെ നല്ലൊരു ശതമാനം ആളുകൾ മത്സ്യബന്ധനവും അതിനോട് ബന്ധപ്പെട്ട തൊഴിലുകളിലും

ഏർപ്പെട്ടിരിക്കുന്നതിനാൽ വികസന പരിപാടികളിലും പദ്ധതികളിലും നല്ല സ്ഥാനം നല്കേണ്ടതുണ്ട്. മത്സ്യമേഖലയിൽ കൂടുതൽ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

## 1-38 അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികൾ | 36 |
| സ്വന്തമായി സ്ഥലവും കെട്ടിടമുള്ളവ | 29 |
| സ്ഥലം മാത്രമുള്ളവ | 3 |
| വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 6 |
| വാടകരഹിതക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 1 |
| കുടിവെള്ള കണക്ഷൻ ഉള്ളവ | 34 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 35 |
| മാലിന്യ സംസ്കരണ സംവിധാനമുള്ളവ | 2 |
| ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യമുള്ളവ | 19 |
| ബേബി ഫ്രണ്ട്ലി അങ്കണവാടികൾ | 1 |
| സ്മാർട്ട് അങ്കണവാടികൾ | 0 |
| 2019-20, 2020-21 വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചവ | 36 |

അങ്കണവാടികൾക്ക് കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, മറ്റ് ഭൗതികസാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിൽ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ശുപാർശകളും നിർദ്ദേശങ്ങളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി വിഷയങ്ങളിലെ പുരോഗതി സംബന്ധിച്ച് ചർച്ച നടത്തിയതായി കാണുന്നില്ല. കൂടാതെ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതിയും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട് പുരോഗതിയും മോണിറ്ററിംഗും നടത്തേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 8/14.09.2021)

## 1-39 സ്പോർട്ട്സ് കിറ്റ് - പരിധിയിലധികം തുക വിനിയോഗിച്ചു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 4969/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ – So 163/21, രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് നല്കൽ.

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജി എഫ് യു പി സ്കൂൾ

അടങ്കൽ - 100000/-

ചെലവ് - 79969/ -

ട്രഷറി ബിൽ നം. 2/2020-21 Dtd. 27.11.20 പ്രകാരം 79969/- രൂപ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ മേൽ പ്രോജക്ടിൽ രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് നൽകുന്നതിന്റെ ഭാഗമായി 15 ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വാങ്ങി നല്കിയിട്ടുണ്ട്. സ്പോർട്ട് സിറ്റി വലപ്പാട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ആയത് വാങ്ങി നല്കിയിട്ടുള്ളത്. 14.2.18 ലെ സ.ഉ.(കൈ)22/2018 ത.സ്വ.ഭ.വ. മാർഗ്ഗരേഖ, 26.3.18 ലെ സ.ഉ(സാധാ.) 811/18 ത.സ്വ.ഭ.വ. ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം ഒരു ക്ലബിന് പരമാവധി 5000 രൂപയുള്ള സാധനങ്ങൾ മാത്രമേ വാങ്ങി നല്കാൻ സാധിക്കുകയുള്ളൂ. അതായത് 15 ക്ലബുകൾക്ക്, 15*5000 = 75000/- മാത്രമേ നൽകാനാവൂ. 4969/- അധികം ചെലവഴിച്ചതായി കാണുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 4969/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഐ.കെ.എം ന് വിഹിതം നല്കൽ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.S002/21) ട്രഷറി ബിൽ നം. 10/2020-21 Dtd. 30.06.20 പ്രകാരം 86518/- രൂപ ഐ.കെ.എം ന് നല്കിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ധനവിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-41 ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല

വലപ്പാട് ഗ്രാമ പഞ്ചായത്തിന്റെ വാഹനമായ KL- 46 E.9187 എന്ന ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ, വാഹനത്തിന്റെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് കാണാൻ കഴിഞ്ഞില്ല. ഇന്ധനം നിറയ്ക്കുന്നതിന്റെ മുഴുവൻ വിവരങ്ങൾ (ഇന്ധനം അടിച്ച സ്ഥാപനത്തിന്റെ പേര്, ഇൻവോയ്സ് നമ്പർ, തിയതി, തുക, ഇന്ധന അളവ് Etc.), മാസാന്ത്യ സംക്ഷിപ്തം എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. വാഹന ഉപയോഗം സംബന്ധിച്ച് 30.06.2007 തീയതിയിലെ ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. മാസാന്ത്യത്തിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച് സംക്ഷിപ്തം നിർബന്ധമായും എഴുതി സൂക്ഷിക്കേണ്ടതാണ്. ഇന്ധനം ഉപയോഗിച്ചതിന്റെ നീക്കിയിരിപ്പ് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. തൻമാസം ഓടിയ ആകെ ദൂരത്തെ മൈലേജ് കൊണ്ട് ഹരിച്ചാൽ തൻമാസം ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ് ലഭിക്കുന്നതാണ്. ആയതിന് ശേഷം ഇന്ധന നീക്കിയിരിപ്പ് വിവരം രേഖപ്പെടുത്തേണ്ടതുമാണ്. ലോഗ് ബുക്ക് പരിപാലനം സംബന്ധിച്ച്, ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-42 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

ബിറ്റുമിൻ, ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളിൽ നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകാരം പാക്കഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ 238 രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 5/13.09.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, ആയത് കരാറുകാരിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എൻജിനീയർ അറിയിച്ചിട്ടുണ്ട്.

## 1-43 കന്നുകുട്ടി പരിപാലനം - പദ്ധതികൾ

കന്നുകുട്ടി പരിപാലന പദ്ധതി നം - 60/21

അടങ്കൽ – 312500/-

ചെലവ് – 312500/-

സുഭിക്ഷ കേരളം –കന്നുകുട്ടി പരിപാലന പരിപാടി, പദ്ധതി നം –226/21

അടങ്കൽ – 625000

ചെലവ് – 625000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

2020-21 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 75 ഗുണഭോക്താക്കളെയാണ് രണ്ട് പദ്ധതിയിലായി ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമായിരുന്നില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-44 തൊഴിലുറപ്പുപദ്ധതി - അവലോകനം

തൊഴിലുറപ്പുപദ്ധതി പ്രകാരം മുന്നിരിപ്പടക്കം തൻവർഷം വരവു വന്ന 35821614/- രൂപയിൽ 35816113/- രൂപയും തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. 736 പ്രൊജക്റ്റുകൾ തൻവർഷം ആവിഷ്കരിച്ചതിൽ 163 പ്രൊജക്റ്റുകളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. 5570 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 650 കുടുംബങ്ങൾക്കാണ് നൂറ് ദിവസത്തെ തൊഴിൽ ലഭിച്ചത്. 21096546/- രൂപയുടെ ഭൂവികസനപ്രവർത്തനങ്ങളാണ് തൻവർഷം മുഖ്യമായും നടന്നിട്ടുള്ളത്. 6851880/- രൂപയുടെ ചെറുകിട ജലസേചന പ്രൊജക്റ്റുകളും തൻവർഷം നടപ്പാക്കി. സ്ഥിരം ആസ്തികളായ പതിനൊന്നു റോഡുകളുടെ നിർമാണത്തിനായി 3908247/- രൂപയും ചെലവഴിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ പ്രൊജക്റ്റുകൾ തൻവർഷം ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തു.

ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്റ്റുകളും സമയബന്ധിതമായി പൂർത്തീകരിക്കുവാനും പരമാവധി കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽ നൽകുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-45 ക്വാറിമക്ക് - തൊഴിലുറപ്പുപദ്ധതി നിരക്കും പൊതുമരാമത്തു നിരക്കും തമ്മിൽ ഗണ്യമായ അന്തരം

അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന റോഡ് പണിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിനുള്ള നിരക്ക്, ഡാറ്റ 51.2.3 പ്രകാരം ഘനമീറ്ററിന് 891.01 രൂപയാണ് നിർണയിച്ചിട്ടുള്ളത്. ക്വാറി മക്ക് വില 750 രൂപ, കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ് എന്നിവ ഉൾപ്പെടെയാണ് മേൽ നിരക്ക്. എന്നാൽ തൊഴിലുറപ്പുപദ്ധതിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിന്റെ നിരക്ക് ഘനമീറ്ററിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 1263.348 രൂപയാണ്. ക്വാറിമക്ക് വില 1250 രൂപ, കൂലിച്ചെലവുകൾ ഉൾപ്പെടെയാണ് മുകളിൽപറഞ്ഞ വില കണക്കാക്കിയിട്ടുള്ളത്. രണ്ടു നിരക്കും തമ്മിലുള്ള വ്യത്യാസം 372.388 രൂപ. ഒരേ സ്ഥാപനത്തിൽ തന്നെ രണ്ട് വ്യത്യസ്ത നിരക്ക് പിൻതുടരുന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. നിരക്കുകൾ ഏകീകൃതമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. തൊഴിലുറപ്പുപദ്ധതിക്കായി ഉപയോഗിച്ച ക്വാറിമക്കിന്റെ അളവ്, അനുവദിച്ച തുക, മരാമത്തു വിഭാഗത്തിലായിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് എന്നിവ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അളവുപുസ്തകം | ചെയ്ത അളവ് | നൽകിയ തുക (1263.348/$m^3$) | പൊതുമരാമത്ത് ഡാറ്റ പ്രകാരം വരുമായിരുന്ന ചെലവ് (891.01/$m^3$) | ചെലവിലെ അന്തരം |
|---|---|---|---|---|---|---|
| 1. | തുലിക റോഡ് കോൺക്രീറ്റിങ് | 133/20-21 | 54.225$m^3$ | 68505.04 | 48315.02 | 20190 |
| 2. | സാന്ത്വനം റോഡ് കോൺക്രീറ്റിങ് | 142/20-21 | 46.50$m^3$ | 58745.68 | 41431.95 | 17314 |

| | | | | | | |
|---|---|---|---|---|---|---|
| 3. | ഹാഷ്മി റോഡ് കോൺക്രീറ്റിങ് | 143/20-21 | 27.34m$^3$ | 34539.93 | 24360.21 | 10180 |
| 4. | ഒരുമ നടപ്പാത കോൺക്രീറ്റിങ് | 318/20-21 | 16.34m$^3$ | 20643.10 | 14559.10 | 6084 |
| 5. | ജനശക്തി റോഡ് കോൺക്രീറ്റിങ് | 41/20-21 | 72m$^3$ | 90961.06 | 64152.72 | 26808 |
| 6. | ടി-സെക്കന്റ് റീച്ച് | 42/20-21 | 23.95m$^3$ | 30257.18 | 21339.69 | 8917 |
| ആകെ | | | | | | 89493 രൂപ |

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അസി. എൻജിനീയർ ചെയർമാനായുള്ള ടെക്നിക്കൽ സമിതിയാണ് തൊഴിലുറപ്പപദ്ധതി പ്രകാരമുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കുന്നത് എന്നതിനാൽ നിരക്കിൽ വ്യത്യാസം വരുന്നത് അംഗീകരിക്കാനാകില്ല. ഇത്തരം അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതുതന്നെയാണ്. ഇതുമൂലം കരാറുകാർക്ക് അമിതലാഭം കൈവരുന്നത് ആശാസ്യമല്ലാത്തതിനാൽ ഈ രണ്ട് നിരക്കുകൾ ഏകീകരിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം കൈകൊള്ളേണ്ടതാണ്.

## 1-46 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും - ക്രിയാത്മക നടപടികൾ പദ്ധതിപ്രവർത്തനങ്ങളിൽ അവലംബിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം 126 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 106 (84.13%) പ്രൊജക്ടുകൾക്ക് വേണ്ടിയും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. 58659047/- രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 45381578/- (77.37%) രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് പദ്ധതി പ്രവർത്തനത്തിൽ ഗണ്യമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. കുറെക്കൂടി ശ്രമിച്ചിരുന്നുവെങ്കിൽ മുഴവൻ പ്രൊജക്ടുകൾക്ക് വേണ്ടിയും തുക ചെലവിടാൻ കഴിയുമായിരുന്നു. ആവിഷ്കരിക്കുന്ന പ്രൊജക്ടുകൾക്ക് വേണ്ടി മുഴവൻ തുകയും ചെലവഴിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കിയത് ക്രമപ്രകാരമല്ല - അധികമായി നൽകിയ 256894/- രൂപ തടസ്സപ്പെടുത്തുന്നു.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243 G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services Excluding Works Contract Service Or AA Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243 G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution*"). ഭരണഘടന വകുപ്പ് 243 G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ഫയലുകൾ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ, അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തികൾക്ക് പഞ്ചായത്ത് ജി.എസ്.ടി നൽകിയതായി കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതയ്ക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ. നം. | പദ്ധതി നം./പേര്/ കരാറുകാരൻ | എം.ബി നം. | ആകെ പ്രവർത്തി മൂല്യം | GST 12% | GST ഉൾപ്പെടെ ആകെ തുക | ബിൽ നം. | തുക |
|---|---|---|---|---|---|---|---|
| 1. | 260/21, വലപ്പാട് ബീച്ച് അറപ്പത്തോട് സംരക്ഷണം, പി. എസ്. ജയരാജൻ | 69/20-21 | 713539 | 85625 | 799164 | 44/09.11.20 | 799164 |
| 2. | 262/21, പാലപ്പെട്ടി | 163/20-21 | 713608 | 85633 | 799241 | 48/08.12.20 | 799241 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കഴിമ്പ്രം അറപ്പത്തോട് സംരക്ഷണം, പി. എസ്. ജയരാജൻ | | | | | | |
| 3. | 263/21, വട്ടപ്പരത്തി അറപ്പത്തോട് സംരക്ഷണം, പി. എസ്. ജയരാജൻ | 25/20-21 | 713635 | 85636 | 799271 | 56/30.11.20 | 799271 |
| ആകെ | | | | 256894 | | | 2397676 രൂപ |

മേൽ പ്രകാരം 256894/- രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നല്കിയതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായ രീതിയിൽ കരാറുകാരന്റെ കൈവശവും തുടർന്ന് സർക്കാരിന്റെ കൈവശവും വന്നുചേരുന്നത്. ഈ അപാകത സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദീകരണം നല്കേണ്ടതാണ്. അധികമായി നൽകിയ 256894/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 വാട്ടർ ചാർജ് - സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

വലപ്പാട് ഗ്രാമ പഞ്ചായത്തിൽ വാട്ടർ ചാർജ് ഇനത്തിൽ 405 സ്ട്രീറ്റ് ടാപ്പുകൾക്ക് പ്രതിമാസം (ടാപ്പൊന്നിന് പ്രതിവർഷം 5250/- നിരക്കിൽ) 177188/- രൂപ വാട്ടർ അതോറിറ്റിയിൽ തൻവർഷം അടവാക്കുന്നുണ്ട്. 2016 സാമ്പത്തിക വർഷം മുതൽ ഇതേ തുക തന്നെ വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നു. വാട്ടർ അതോറിറ്റിയുമായി ഫലവത്തായ രീതിയിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ സ്ട്രീറ്റ് ടാപ്പുകൾക്കു മാത്രം വാട്ടർ ചാർജ് അടവാക്കുകയും അല്ലാത്തവ ഒഴിവാക്കേണ്ടതുമാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-49 പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്)74/14 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ. വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്ടറുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നുള്ള 44/13.9.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, നിർവഹണോദ്യോഗസ്ഥയായ അസി. എൻജിനീയർ, പ്രൊജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്ന അസി. എക്സി. എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ 4/13.9.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, CPWD നിരക്ക് പ്രകാരം 10% കരാറുകാരന്റെ ലാഭവും 5% ഓവർഹെഡ് ചാർജ്ജും ഉൾപ്പടെ അടങ്കൽ തയ്യാറാക്കുമ്പോഴുള്ള നിരക്ക്, Mord സ്പെസിഫിക്കേഷൻ പ്രകാരം 10% ഓവർഹെഡ് ചാർജ്, 10% കോൺട്രാക്ടറുടെ ലാഭം എന്നിവ ചേർത്താലുണ്ടാകുന്ന തുകയേക്കാൾ അധികമാണെന്നും, എന്നിരുന്നാലും ഇത് ബ്ലോക്ക് കാര്യാലയത്തിലെ അസി. എൻജിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2020-21 | 200000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 4300 | 2020-21 | 505000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും 15/21 | 505000 | 4300 (ROP) |
| | 25842 | 2020-21 | 378630 + 29632* | ബാല സൗഹൃദ ജില്ല – അനുപൂരക പോഷകാഹാര പരിപാടി – 16/21 | 408262 | 25842 (ROP) |
| | 0 | 2020-21 | 144500 | ലൈഫ് മിഷൻ – 38/21 | 144500 | 0 |
| | 0 | 2020-21 | 840000 | കറവ പശുക്കൾക്ക് കാലിത്തീറ്റ – 57/21 | 840000 | 0 |
| | 484946 | 2020-21 | 775054 | ലൈഫ് മിഷൻ – 177/21 | 1260000 | 0 |
| | 300000 | | | വേസ്റ്റ് മാനേജ്മെന്റ് | 0 | 300000 (ROP) |
| | 0 | 2020-21 | 250000 | പകൽ വീട് നിർമ്മാണം - 192/21 | 250000 | 0 |
| ആകെ | 815088 | | 3093184+ 29632 | | 3607762 | 0 330142 (ROP) |
| ജില്ലാ പഞ്ചായത്ത് | | 2020-21 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും- 15/21 | 300000 | 0 |
| | | 2020-21 | 200000 | ലൈഫ് മിഷൻ-177/21 | 200000 | 0 |
| | 200000 | 2020-21 | | സുജലം കിണർ റീചാർജ്ജിംഗ് | 0 | 200000 (ROP) |
| | | 2020-21 | 327446 | ബാല സൗഹൃദ ജില്ലാ- അനുപൂരക പോഷകാഹാര പരിപാടി – 16/21 | 327446 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 200000 | | 827446 | | 827446 | 0 |

* Receipt From CDPO

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഒ ബി | വൗച്ചർ നം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| അനർട്ട് | സൗരോർജ്ജ പാനൽ സ്ഥാപിക്കൽ പ്രോജക്റ്റ് നം - 76/21 | 1524600 | | 0 | 1050781 | 473819 |
| വാട്ടർ അതോറിറ്റി | ജലജീവൻ പദ്ധതി പ്രോജക്റ്റ് നം. 253/21 | 540000 | | 390000 | 0 | 930000 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രോജക്റ്റ് നം - 08/21 | 0 | | 964287 | 0 | 1005366 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രോജക്റ്റ് നം - 267/21 | 0 | | 41079 | 0 | |

വാർഷിക കണക്കുകളുടെ ബാലൻസ്ഷീറ്റ് B-18 പട്ടിക പ്രകാരം കെ എസ് ഇ ബി യ്ക്ക് നൽകിയ തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളത് 1049098/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരം പ്രകാരം 1005366/- രൂപയാണ് ചെലവഴിക്കാൻ ബാക്കിയുള്ളത്. 43732/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 15382297 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | പലിശ - 1038699 |
| 3 | ആകെ | 16420996 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16420996 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം

| ബാങ്ക് | സ്ഥിരനിക്ഷേപം |
|---|---|
| TDCB തൃപ്രയാർ | 1624314 |
| """" | 5055994 |
| VSCB വലപ്പാട് | 5000000 |
| """" | 2500000 |
| ലഭ്യമല്ല | 2240688 |
| ആകെ | 16420996 |

2240688/- രൂപ സ്ഥിരനിക്ഷേപം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 | | 2-2 | സ്ഥാപന തൊഴിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്തിന്റെ അടിസ്ഥാനത്തിലാണ്. | അനന്തര കുറിപ്പ് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെങ്കിലും സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതിനാൽ പരാമർശം തുടരുന്നു. |
| 2015-16 | | 2-4 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല- ബി എസ് എൻ എൽ വലപ്പാട്, കെ എസ് ഇ ബി വലപ്പാട്, കെ എസ് ഇ ബി തൃപ്രയാർ എന്നീ സ്ഥാപനങ്ങൾ 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | ടി സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് കത്ത് നല്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109379829 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107741529 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 261863 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 4969/- | രജനി കെ പി, ഹെഡ്മിസ്ട്രസ്, ജി എഫ് യു പി എസ് |
| 1-47 | 256894 | ആശ കെ എസ്, അസി. എഞ്ചിനീയർ |
| ആകെ | 261863 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രജനി കെ പി, ഹെഡ്മിസ്ട്രസ്, ജി എഫ് യു പി എസ് | ഹെഡ്മിസ്ട്രസ്, ജി എഫ് യു പി എസ് | കിഴക്കേടത്ത് കളപ്പുരക്കൽ, പെരിഞ്ഞനം പി ഒ, തൃശ്ശൂർ |
| ആശ കെ എസ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, വലപ്പാട് ഗ്രാമ പഞ്ചായത്ത് | ചക്കാട്ടിൽ വീട്, ചെന്ത്രാപ്പിന്നി പി ഒ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1984-85 | എൽ.എഫ്.ടി.പി1-1902/11/ 24.10.11/10.01.12 | |
| 85-86 | -ടി- | |
| 86-87, 87-88 | -ടി- | |
| 88-89, 89-90 | -ടി- | |
| 90-91 | -ടി- | |
| 91-92 | -ടി- | |
| 92-93 | -ടി- | |
| 93-94 | -ടി- | |
| 94-95 | -ടി- | |
| 95-96 | -ടി- | |
| 96-97 | എൽ.എഫ്.ടി.13-610/98/10.02.98 | |
| 97-98 | എൽ.എഫ്.ടി.14-1288/99/22.06.00 | |
| 97-98 | എൽ.എഫ്.ടി.14-1117/02/05.02.03 | |
| 98-99 | എൽ.എഫ്.ടി.14-1118/02/08.12.02 | |
| 98-99 | എൽ.എഫ്.ടി.14-1154/02/18.11.00 | |
| 99-00 | എൽ.എഫ്.ടി.14-1119/02/16.12.02 | |
| 00-01, 01-02 | എൽ.എഫ്.ടി.14-1541/03/06.03.04 | |
| 02-03 | എൽ.എഫ്.ടി.14-871/06/31.05.06 | |
| 03-04 | എൽ.എഫ്.ടി.14-1801/08/11.12.09 | |
| 04-05 | എൽ.എഫ്.ടി.14-1881/08/11.12.09 | |
| 05-06 | എൽ.എഫ്.ടി.14-398/10/16.09.10 | |
| 06-07 | എൽ.എഫ്.ടി.14-399/10/19.03.11 | |
| 07-08 | എൽ.എഫ്.ടി.14-1145/10/25.05.11 | |
| 08-09 | എൽ.എഫ്.ടി.14-1146/10/03.06.11/29.06.11 | |
| 09-10 | എൽ.എഫ്.ടി.(പി1)252/12/07.07.12 | |
| 10-11 | എൽ.എഫ്.ടി.(പി1)-253/12/29.06.12/05.10.12 | |
| 11-12 | എൽ.എഫ്.ടി.പി1.711/13,15.01.2014/12.03/2014 | |
| 12-13 | എൽ.എഫ്.ടി.പി.1-1539/2014 /01.12.14 | |
| 13-14 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/23/ 16/15.01.16/06.02.16 | |
| 14-15 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1033/ 16/28.6.16 | |
| 15-16 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/2010/16/15.12.16 | |
| 16-17 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1757/17 തീ 4.12.2017 | - |
| 17-18 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1813/18 തീ. 21.02.2019 | |
| 18-19 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/689/2020 തീ. 28.07.2020 | |
| 19-20 | കെ.എസ്.എ-ടി.എ.സ്.ആർ.പി.16/1353/2021 തീ. 17.03.2022 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്